# ദൈവം എന്റെ ജീവിതത്തിന്റെ രചയിതാവ്

**1 രാജാക്കന്മാർ 19:4**

**“ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ”**

ജീവിതഭാരം താങ്ങാനാവാതെ ആത്മഹത്യയിൽ കൂടി ജീവിതം അവസാനിപ്പിക്കുന്ന പലരേയും നാം നമ്മുടെ സമൂഹത്തിൽ കാണുന്നു. കുടുംബപ്രശ്നങ്ങൾ, കടഭാരങ്ങൾ, രോഗങ്ങൾ, മറ്റ് മാനസ്സിക അസ്വാസ്ഥ്യങ്ങൾ മുതലായവ നിമിത്തമാണ് പലരും ആത്മഹത്യയ്ക്ക് മുതിരുന്നത്. ക്രിസ്തുവിശ്വാസികളായ പലർ ഉൾപ്പടെയുള്ള വലിയ ഒരു കൂട്ടം ശാരീരികമായി ആത്മഹത്യ ചെയ്യുന്നില്ല എങ്കിലും മാനസ്സികമായ വൈകാരിക തലത്തിൽ മരിക്കാതെ മരിച്ചു കൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. മരിക്കുന്നവരെക്കാൾ മരിക്കാതെ മരിച്ചുകൊണ്ടിരിക്കുന്നവരാണ് കൂടുതൽ.

പഴയനിയമ കാലഘട്ടത്തിലെ ഒരു പ്രഗത്ഭനായ, ഏലിയാ പ്രവാചകൻ, തന്റെ വൈകാരിക തലത്തിൽ ആത്മഹത്യ ചെയ്ത വ്യക്തിയായിരുന്നു എന്നു നമ്മെ ബോധ്യപ്പെടുത്തുന്ന ഒരു ദൈവവചന ഭാഗമാണ് നാം മേൽ വായിച്ചു കണ്ടത്. തന്റെ പ്രാണനെ സ്വയം നശിപ്പിക്കുവാൻ ഭയപ്പെട്ടിരുന്ന ഏലിയാവ് ദൈവത്തോടായി അപേക്ഷിക്കുകയാണ്, ഇപ്പോൾ മതി യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ എന്ന്. സൃഷ്ടിതാവും പരമാധികാരിയുമായ ദൈവം മനുഷ്യരുടെ പ്രാണങ്ങളെ മടക്കിയെടുക്കുംവരെ അതിനെ നശിപ്പിക്കുവാൻ നമുക്കധികാരമില്ല. പ്രണനെ എടുത്തുക്കൊള്ളേണമേ എന്ന് ദൈവത്തോടപേക്ഷിക്കുവാനും നമുക്കവകാശമില്ല. മാനസീകമായ, ക്ഷീണങ്ങളും, നിരാശയുമൊക്കെ ഏവർക്കും ഉണ്ടാവാം. നമുക്ക് സമസ്വഭാവമുള്ള ഏലീയാവിനും അത് ഉണ്ടായി എന്നുള്ളതിൽ ആശ്ചര്യപ്പെടാനുമില്ല. എന്നാൽ ഈ നൈരാശ്യം പ്രാണനെ എടുക്കുന്നതിലേക്കോ, ആത്മഹത്യയുടെ ചിന്തയിലേക്കോ, നമ്മുടെ മനസ്സിനെ കൊണ്ടുപോകാതിരിപ്പാൻ ജീവന്റെ ദാതാവും ജീവന്റെ ഉറവിടവുമായ ദൈവത്തിന്റെ കൃപയ്ക്കായും, അവന്റെ ശക്തിക്കായും അപേക്ഷിക്കുകയത്രേ വേണ്ടത്.

പ്രിയരേ, ജീവിത നൈരാശ്യത്തിൽ നിന്നും നാമും പലപ്പോഴും ഉരുവിടുന്ന ചില വാക്കുകളത്രേ, ഇപ്പോൾ മതി, ഇവിടം കൊണ്ട് എല്ലാം അവസാനിപ്പിക്കുന്നു, ഇനി മുമ്പോട്ടു പോകുവാൻ കഴിയുകയില്ല, എല്ലാം ഇവിടം കൊണ്ട് തീരുകയാണ്, എന്റെ കഥ തീർന്നു, എന്റെ ജീവിതം അവസാനിച്ചു എന്നൊക്കെ. എന്നാൽ ഈ വൃഥാ ജൽപ്പനങ്ങൾ ഒന്നിനും പരിഹാരമാകുന്നില്ല. നമ്മുടെ പ്രാണൻ ദൈവത്തിന്റെ കരത്തിലാണെന്ന് മാത്രമല്ല നമ്മുടെ ഓരോരുത്തരുടേയും ജീവിത കഥ എഴുതുന്ന ഒരു എഴുത്തുകാരൻ കൂടിയാണ് നമ്മുടെ

ദൈവം. ആ കഥ എങ്ങുമെത്താതെ ഇടയ്ക്കു കൊണ്ട് നിർത്തുവാൻ ഈ എഴുത്തുകാരനൊട്ടും താത്പര്യമില്ല. നമ്മുടെ ഈ ജീവിതയാത്രയിലെ ക്ഷീണങ്ങളും, നൈരാശ്യങ്ങളും അവൻ മാറ്റിത്തരും. എല്ലാം നഷ്ടപ്പെട്ടെന്ന് നമുക്ക് തോന്നിയെന്നാലും, ഒന്നും നഷ്ടമായിട്ടില്ലെന്ന് അവൻ നമ്മോട് പറയുന്നു. നാം നശിക്കുവാനായി കളമൊരുക്കുന്ന നമ്മിലെ നൈരാശ്യം ഏറ്റവും മൂർദ്ധന്യാവസ്ഥയിൽ ആയിരിക്കുമ്പോഴാണ് നമ്മെ സഹായിക്കുവാനായി ഏറ്റം തയ്യാറായി നമുക്കു വേണ്ടി അവൻ എഴുന്നേൽക്കുന്നത്.

നമ്മെക്കുറിച്ചുള്ള കഥ അവൻ തുടർന്നെഴുതട്ടെ. ആ കഥ അവൻ നന്നായിക്കൊണ്ട് അവസാനിപ്പിക്കട്ടെ; അതുവരെയും നാം നമ്മുടെ ജീവിതയാത്ര തുടരേണ്ടിയിരിക്കുന്നു. അവൻ നമ്മുടെ ജീവിതത്തിന്റെ കഥ എഴുതി പൂർത്തീകരിക്കുന്നതുവരെയും ആ നല്ല ദൈവത്തിന്റെ കരങ്ങളിൽ നമ്മുടെ ജീവിതങ്ങളെ ഏൽപ്പിച്ചുകൊടുക്കാം.. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

സങ്കീർത്തനം 139:13-14

നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചതു, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 164